LIBRARY ARCHIVES Kerala Legislative Assembly

സംവരണാനുകൂല്യത്തിലെ ബാക്ക്‌ലോഗ് പരിഹരിക്കുവാൻ നടപടി

141 [713] ശ്രീ. സി. മമ്മൂട്ടി:
,, കെ. കുട്ടി അഹമ്മദ് കുട്ടി:
,, പി. കെ. അബ്ദുറബ്ബ്:
,, കെ. എൻ. എ. ഖാദർ:
,, പി. കെ. കെ. ബാവ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ റിപ്പോർട്ട് നടപ്പിൽ വരുത്തുന്നതിനുള്ള കാലതാമസത്തിന് കാരണമെന്താണ്; റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗ നിയമന സംവരണാനുകൂല്യത്തിൽ പിന്നോക്കം നിൽക്കുന്ന സമുദായം ഏതാണ്;

(ബി) ഈ സമുദായം കേരളത്തിന്റെ ജനസംഖ്യയിൽ എത്ര ശതമാനമുണ്ട്;

(സി) റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗ നിയമനങ്ങളിൽ സംവരണാനുകൂല്യം പൂർണ്ണമായി ലഭിക്കാത്ത വിഭാഗത്തിലെ 'ബാക്ക്‌ലോഗ്' പരിഹരിക്കാൻ സ്പെഷ്യൽ റിക്രൂട്ട്‌മെന്റ് നടത്തുന്നതിന് സർക്കാർ തയ്യാറാകുമോ;

(ഡി) എങ്കിൽ എന്നുമുതൽ സ്പെഷ്യൽ റിക്രൂട്ട്‌മെന്റ് തുടങ്ങുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) റിപ്പോർട്ട് മന്ത്രിസഭയുടെ പരിഗണനയ്ക്ക് സമർപ്പിച്ചിരിക്കുകയാണ്.

(ബി) സമുദായങ്ങൾ ജനസംഖ്യയിൽ എത്ര ശതമാനമാണെന്ന വിവരം സർക്കാരിൽ ലഭ്യമല്ല.

(സി & ഡി) മന്ത്രിസഭാ തീരുമാനത്തിനുശേഷം അനന്തര നടപടി സ്വീകരിക്കുന്നതാണ്.

എൽ. എൻ. ജി. പദ്ധതി

142 [714] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2000 കോടിയിലേറെ രൂപ മുതൽമുടക്കുള്ള എൽ. എൻ. ജി. പദ്ധതിയ്ക്ക് കേന്ദ്ര സർക്കാർ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതി എന്നത്തേക്ക് പൂർത്തീകരിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയ്ക്ക് അംഗീകാരം ലഭിക്കുന്നതിന് എന്തെങ്കിലും തടസ്സം നേരിടുന്നുണ്ടോ;

(ഡി) പദ്ധതി നിലവിൽ വന്നാൽ മാത്രമേ കായംകുളം താപനിലയത്തിന്റെ രണ്ടാംഘട്ടം ആരംഭിക്കുവാൻ സാധിക്കുകയുള്ളോ എന്നു വ്യക്തമാക്കുമോ;

(ഇ) ഈ പദ്ധതി കേരളത്തിന് അനുവദിച്ചുകിട്ടുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) പ്രസ്തുത പദ്ധതിയുടെ പ്രൊമോട്ടറായ പെട്രോനെറ്റ് എൽ. എൻ. ജി. ലിമിറ്റഡ് എന്ന സ്ഥാപനത്തിന് കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കേണ്ട ക്ലിയറൻസുകൾ എല്ലാം ലഭിച്ചുകഴിഞ്ഞിട്ടുണ്ട്.

(ബി) കൃത്യമായി ഇപ്പോൾ പറയാനാവില്ല.

(സി) ഇല്ല.

(ഡി) ഇല്ല. കായംകുളം താപനിലയത്തിനായുള്ള എൽ.എൻ.ജി.-ക്ക് എൻ.ടി.പി.സി. പ്രത്യേക ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ഇ) പദ്ധതിക്ക് സംസ്ഥാന സർക്കാർ നൽകേണ്ട അംഗീകാരങ്ങൾ നൽകി. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ക്ലിയറൻസുകൾ നേടിയെടുത്തു. പദ്ധതി അവലോകനം നടത്താൻ മുഖ്യമന്ത്രി ബന്ധപ്പെട്ടവരുടെ മീറ്റിംഗ് 19-11-2003-ൽ തിരുവനന്തപുരത്ത് വച്ച് നടത്തുകയുണ്ടായി. ആ യോഗത്തിലെ തീരുമാനമനുസരിച്ച് പദ്ധതി നടപ്പിലാക്കി കിട്ടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ച് പദ്ധതി യാഥാർത്ഥ്യമാക്കുകയാണ് ലക്ഷ്യം.

പരാതി പരിഹരിക്കുന്നതിന് നടപടി

143 [719] ശ്രീ. സാജുപോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകളിലെ സർക്കാർ ഉദ്യോഗസ്ഥർക്കെതിരെ എം. എൽ. എ.-മാർ അടക്കമുള്ള ജനപ്രതിനിധികൾ പരാതി സമർപ്പിച്ചാൽ നടപടി സ്വീകരിക്കുന്നതിന് പ്രത്യേക സംവിധാനങ്ങൾ നിലവിലുണ്ടോ;

(ബി) ഇല്ലെങ്കിൽ ഇത് ഏർപ്പെടുത്തുവാനുള്ള എന്തെങ്കിലും നീക്കങ്ങൾ സർക്കാർ നടത്തിവരുന്നുണ്ടോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ ജീവനക്കാർക്കും പോലീസ് ഉദ്യോഗസ്ഥർക്കും എതിരെ ജനപ്രതിനിധികളുടെ എത്ര പരാതികൾ ലഭിച്ചിട്ടുണ്ട്; അവയിൽ എത്രയെണ്ണം ഇതിനകം പരിഹരിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly